LIBRARY ARCHIVES Kerala Legislative Assembly

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസിലെ നിയമനം

279 (2834) ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിൽ അസിസ്റ്റന്റ് മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരുടെ 88 ഒഴിവുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ ഇതിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമം നടത്തുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

പ്രീ-മെട്രിക് ഹോസ്റ്റലുകൾ-വാച്ച്മാൻ തസ്തിക

280 (2836) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിൻകീഴിൽ എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട് ; ഏതെല്ലാം ;

(ബി) പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ വാച്ച്മാൻ തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാർ അനുഭവിക്കുന്ന കഷ്ടതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവരുടെ ജോലി വ്യവസ്ഥയും സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ക്രിയാത്മക നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വകുപ്പിന് കീഴിൽ 87 പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(ബി) വകുപ്പിലെ പ്രീ-മെട്രിക് ഹോസ്റ്റൽ വാച്ച്മാൻമാർക്ക് 6 PM മുതൽ 6 AM വരെയാണ് ഡ്യൂട്ടി നിശ്ചയിച്ചിരിക്കുന്നത്. ഇവരുടെ ജോലി വ്യവസ്ഥകളിലും സാഹചര്യങ്ങളിലും ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്വയം പര്യാപ്ത പട്ടിക ഗ്രാമം പദ്ധതി-കാട്ടുവയൽ കോളനി

281 (2837) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം പര്യാപ്ത പട്ടിക ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് കാട്ടുവയൽ കോളനിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി കാട്ടുവയൽ കോളനിയിൽ ഇതുവരെയും ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) മുഖ്യ അഴുക്കുചാൽ നിർമ്മാണം, മണ്ണിട്ട് നികത്തൽ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്.

(ബി) കാട്ടുവയൽ കോളനി റോഡ് നിരപ്പിൽ നിന്നും വളരെ താഴ്ന്ന് സ്ഥിതി ചെയ്യുന്നതിനാൽ ഡ്രെയിനേജിൽ നിന്നുള്ള മലിനജലം വീടുകളിലേക്ക് കയറുന്നു. ഇതൊഴിവാക്കാൻ ഈ പ്രദേശം മണ്ണിട്ട് ഉയർത്തുകയും ഡ്രെയിനേജ് പുതുക്കി പണിയുകയും വേണം. ഇതോടൊപ്പം വീടുകളുടെ പുനർനിർമ്മാണം ഉൾപ്പെടെ ഒരു കോടിരൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയില്ല. ആയതിനാൽ 24-7-2013-ലെ ജില്ലാ ആഫീസർമാരുടെയും ഏജൻസി പ്രതിനിധികളുടെയും യോഗതീരുമാന പ്രകാരം പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയാണുണ്ടായത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly